നിർദ്ദേശിച്ചിരിക്കുന്ന നിരക്കുകൾ

1.	100 യൂണിറ്റു വരെ	-	1 രൂപ/യൂണിറ്റ്
2.	1000 "	-	2 "
3.	5000 "	-	3 "
4.	5000 യൂണിറ്റിനുമുകളിൽ	-	4 "

(സി) ചെറിയ ഹോട്ടലുകളുടെയും റസ്റ്റോറന്റുകളുടേയും കണ്ടക്ടഡ് ലോഡിന്റെ പരിധി 500 വാട്ടിൽനിന്നും 1000 വാട്ടായി പുതുക്കി നിശ്ചയിച്ച് താരിഫ്, ചെറിയ കടകൾക്കും ബങ്കുകൾക്കും തുല്യമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പ്രതിമാസ ഉപഭോഗം 100 യൂണിറ്റിൽ കവിയുകയാണെങ്കിൽ നിരക്ക് 465 പൈസ ആയിരുന്നത്, 430 പൈസയാക്കി കുറച്ചിട്ടുണ്ട്. ഇതിനെല്ലാം 15/5/99 മുതൽ പ്രാബല്യവും നൽകിയിട്ടുണ്ട്.

140 (2518) കടയ്ക്കാവൂർ സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കാവൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആരംഭിച്ചിട്ടുണ്ട്. കടയ്ക്കാവൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി സ്ഥലമെടുപ്പിനുള്ള അനുമതി നൽകിക്കഴിഞ്ഞു. സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ നിർമ്മാണമാരംഭിക്കുന്നതാണ്.

141 (2519) പത്തനംതിട്ട ജില്ലയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്;

(ബി) പത്തനംതിട്ട 110 കെ.വി. സബ്സ്റ്റേഷൻ എപ്പോൾ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കോഴഞ്ചേരി, റാന്നി സബ്സ്റ്റേഷനുകളാക്കുവാൻ ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്ന സീതത്തോട് സബ്സ്റ്റേഷനുപകരം ചിറ്റാറിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. പത്തനംതിട്ട 110 കെ.വി. സബ്സ്റ്റേഷനിൽ 12.5 എം.വി.എ.യുടെ രണ്ട് 110/11 കെ. വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

2. റാന്നി, കോഴഞ്ചേരി എന്നീ 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. ആയി ഉയർത്തുക.

3. കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ നിർത്താലാക്കുന്ന സീതത്തോട് 66 കെ.വി. സബ്സ്റ്റേഷന് പകരം അവിടെ ഒരു 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുക.

4. കുമ്പനാട്, കോന്നി, കടപ്ര, പന്തളം, റാന്നി-പെരുനാട് എന്നിവിടങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുക.

(ബി) പത്തനംതിട്ട 110 കെ.വി. സബ്സ്റ്റേഷൻ 1994-ൽ കമ്മീഷൻ ചെയ്തു. എന്നാൽ പ്രസ്തുത സബ്സ്റ്റേഷനിൽ തന്നെ സ്ഥാപിക്കുന്ന 12.5 എം.വി.എ. യുടെ രണ്ട് 110/11 കെ.വി. ട്രാൻസ് ഫോർമറുകൾ, കക്കാട് പദ്ധതി പൂർത്തിയാകുമ്പോൾ കമ്മിഷൻ ചെയ്യുന്നതാണ്.

(സി) കോഴഞ്ചേരി, റാന്നി സബ്സ്റ്റേഷനുകൾ 110 കെ.വി സബ്സ്റ്റേഷനുകളാക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കക്കാട് പദ്ധതി പൂർത്തിയാക്കുമ്പോൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്ന സീതത്തോട് 66 കെ.വി. സബ്സ്റ്റേഷനു പകരം അവിടെ തന്നെ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചിറ്റാറിലും ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ആവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

142 (2520) റാന്നി നിയോജകമണ്ഡലത്തിലെ ലൈൻ തകരാറുകൾ

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ റാന്നി നിയോജകമണ്ഡലത്തിൽ ലൈൻ തകരാറുകൾ നിരന്തരമുണ്ടാകുന്നതുമൂലം നീണ്ട കാലത്തേയ്ക്ക് വൈദ്യുതി ഇല്ലാതാകുന്നതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസുകളിൽ നിന്നും 20 മുതൽ 40 കി.മീറ്റർ വരെ അകലങ്ങളിലുള്ള ജനവാസമുള്ള കേന്ദ്രങ്ങളായ സീതത്തോട്, വെച്ചൂച്ചിറ, പെരിനാട് എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ആഫീസുകൾ അനുവദിക്കുമോ;

(സി) വൃക്ഷങ്ങൾക്കിടയിലൂടെയുള്ള വൈദ്യുതി ലൈനുകൾ കേബിളിനുള്ളിലാക്കാൻ നടപടി സ്വീകരിക്കുമോ:

ഉത്തരം

(എ) വൈദ്യുതി ലൈനുകളിൽ തട്ടിക്കിടക്കുന്ന ഓലകൾ, വൃക്ഷ ശിഖരങ്ങൾ മുതലായവ സമയാസമയങ്ങളിൽ നീക്കം ചെയ്തു വരുന്നുണ്ട്. പ്രകൃതി ക്ഷോഭം മൂലമോ, മറ്റു അവിചാരിത കാരണങ്ങൾ മൂലമോ ലൈനുകളിൽ വീഴുന്ന വൃക്ഷങ്ങളും മറ്റും വെട്ടി മാറ്റി വൈദ്യുതി തടസ്സം പരിഹരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly